"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് ആഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ. ടി.എസ്. പ്രസാദ് ന്റെ ചികിത്സയ്ക്ക് വൈക്കം ഇൻഡോ അമേരിക്കൻ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1744/2026/LSGD　　　　തീയതി,തിരുവനന്തപുരം, 15-09-2026

---

പരാമർശം:-
1. 11.07.2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. 28.12.2017 ലെ G.O.(P)No.83/2017/ H&FWD.
3. ശ്രീ. ടി.എസ്. പ്രസാദ് ന്റെ 23.11.2021 - ലെ അപേക്ഷയും ബില്ലുകളും.
4. മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10.09.2021 ലെ 5(1)-ാം നമ്പർ തീരുമാനം, 16.05.2022 ലെ 4(1)-ാം നമ്പർ തീരുമാനം.
5. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 19.03.2026-ലെ എം ആർ4/24779/2025/ആ വ ഡ നം. കത്ത്.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 20.04.2026—ലെ LSGD/PD/7948/2023-DEG1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. ടി.എസ്. പ്രസാദ് ന്റെ ചികിത്സയ്ക്ക് വൈക്കം ഇൻഡോ അമേരിക്കൻ ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2). ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം (5) ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് ചികിൽസായിനത്തിൽ ചെലവായ തുകയിൽ 2,56,416/- രൂപയുടെ 80% ശതമാനം ആയ 2,05,132/-രൂപ (രണ്ട് ലക്ഷത്തി അയ്യായിരത്തി ഒരുന്നൂറ്റി മുപ്പത്തി രണ്ട് രൂപ മാത്രം) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമ പഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ. ടി.എസ്. പ്രസാദ് ന്റെ ചികിത്സയ്ക്കായി 30.06.2021 മുതൽ 02.08.2021 വരെ വൈക്കം ഇൻഡോ അമേരിക്കൻ ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള 2,56,416/- രൂപയുടെ 80% ശതമാനം ആയ 2,05,132/-രൂപ (രണ്ട് ലക്ഷത്തി അയ്യായിരത്തി ഒരുന്നൂറ്റി മുപ്പത്തി രണ്ട് രൂപ മാത്രം) നിലവിലെ KGSMA ചട്ടം, 1960 -ലെ വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, കൂടാതെ ചികിൽസക്കുള്ള ബില്ലുകളിൽ അപേക്ഷകൻ 'Paid by Me' എന്നു രേഖപ്പെടുത്തി ചികിത്സിച്ച ഡോക്ടറുടെ ഒപ്പ്, പേരും രജിസ്റ്റർ നമ്പരും വ്യക്തമാക്കുന്ന, ആശുപത്രിയുടെ സീൽ എന്നിവ പതിപ്പിച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയതിനു ശേഷം മാത്രം മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.കെ അനിൽ ജോയ്

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണം,തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
ജോയിന്റ് ഡയറക്ടർ, എറണാകുളം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

സെക്രട്ടറി, മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല.ശ്രീ. ടി.എസ്. പ്രസാദ്, സീനിയർ ക്ലാർക്ക്, മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല.(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(DEV-2/216/2024/Fin dated 28.03.2025 പ്രകാരം).

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.EPA3/187/2024-LSGD).

ഉത്തരവിൻ പ്രകാരം

Digitally signed by
Noushad. S
Date: 15-09-2026
17:02:04

സെക്ഷൻ ഓഫീസർ